*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

136th Issue - Volume 4, No. 17 ജാഗ്രത 4th June 2010

*******

**"A speck of humility before God surpasses in worth the great scientific knowledge"**

**Rev. Mother Eliswa**

*******



REV. MOTHER ELISWA
SERVANT OF GOD

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## ഇടുക്കിയിലെ ഭൂപ്രശ്നപരിഹാരത്തിന് കത്തോലിക്കാസഭയുടെ ക്രിയാത്മക നേതൃത്വം



# ഇടുക്കിയിലെ ഭൂപ്രശ്നപരിഹാരത്തിന് കത്തോലിക്കാസഭയുടെ ക്രിയാത്മക നേതൃത്വം



ഇടുക്കി ജില്ലയിലെ മലയോര മേഖലയിൽ തലമുറകളായി അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങളുടെ കൈവശഭൂമിയ്ക്ക് ഉപാധികളും കെട്ടുപാടുകളുമില്ലാത്ത സ്ഥിരാവകാശം ലഭിക്കണമെന്നത് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ആവശ്യമാണ്. കാലാകാലങ്ങളിൽ രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ മേധാവികളും ഭരണവർഗവും കൊണ്ടുനടന്ന തെറ്റിദ്ധാരണകളും തെറ്റായ നടപടികളും മൂലം ഇടുക്കിയിലെ ജനങ്ങൾ ഇന്നും സ്വന്തം ഭൂമിയിൽ കൈയ്യേറ്റക്കാരെന്നും കാട്ടുകള്ളൻമാരെന്നുമുള്ള ദുഷ്പേരും പേറി പ്രവാസികളെപ്പോലെ കഴിയുന്നു. ജില്ലയിൽ അങ്ങിങ്ങുണ്ടെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന നാമമാത്ര കൈയ്യേറ്റങ്ങളുടെ പേരിൽ ഉണ്ടാക്കുന്ന വിവാദങ്ങളും സങ്കുചിത രാഷ്ട്രീയ നാടകങ്ങളും മലയോര ജനതയുടെ സ്വസ്ഥതയ്ക്കുമേൽ കരിനിഴൽ വീഴ്ത്തുകയാണ്. ഉണർവ്വിലും ഉറക്കത്തിലും വേട്ടയാടുന്ന അരക്ഷിതബോധവും ഭീതിയുമായി മലയോര ജനത ജീവിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. ഏറ്റവുമൊടുവിൽ ഒരു ജനതയുടെ അതിജീവനത്തിനും നിലനിൽപ്പിനുമായുള്ള പതിറ്റാണ്ടുകളുടെ പോരാട്ട ചരിത്രം മനസ്സിലാക്കാതെ മലയോര മേഖലയിലെ ജനവാസം പ്രകൃതി നാശത്തിനു കാരണമാകുമെന്നും കുടിയിറക്കണമെന്നുമുള്ള പ്രചാരണം ആപത്കരവും വിനാശകരവുമാണ്. ഇതിനെ ഒരുമിച്ച് ചെറുക്കുക എന്ന അനിവാര്യതയിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്.

## കുടിയേറ്റം : ചരിത്ര വസ്തുതകൾ

നാനൂറിലേറെ വർഷത്തെ അംഗീകരിക്കപ്പെട്ട ചരിത്രമുണ്ട് മലയോര മേഖലയിലെ ജനവാസത്തിന്. 1822 ലെ രാജവിളംബരവും തുടർന്നുണ്ടായിട്ടുള്ള നൂറിലേറെ നിയമങ്ങളും ഉത്തരവുകളും മലയോര ഭൂമി സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. 18-ാം നൂറ്റാണ്ടുമുതൽ തിരുവതാംകൂർ മഹാരാജാവ് ഏലം കൃഷിക്കായി മാറ്റി വയ്ക്കുകയും കൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്ത പ്രദേശമാണ് ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായുള്ള 334 ച: മൈൽ പ്രദേശം. 16-ാംനൂറ്റാണ്ടുമുതൽ ജനവാസമുള്ള പ്രദേശ മാണ് ദേവികുളം താലൂക്കിലെ അഞ്ചുനാടുവില്ലേജുകൾ ഉൾപ്പെടുന്ന മറയൂർ, കാന്തല്ലൂർ, വട്ടവട പ്രദേശങ്ങൾ. 1930-40 കാലഘട്ടത്തിൽ രണ്ടാം ലോക മഹായുദ്ധാനന്തരം രാജ്യം കടുത്ത ഭക്ഷ്യദാരിദ്ര്യത്തെ നേരിട്ടപ്പോൾ അധിക ഭക്ഷ്യോൽപ്പാദന പദ്ധതിയിൻ കീഴിൽ ഗവൺമെന്റ് നൽകിയ ഭൂമിയിൽ താമസം ആരംഭിച്ചവരാണ് ആദ്യകാല കുടിയേറ്റക്കാരിൽ നല്ലൊരു ശതമാനം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനരേകീകരണം നടക്കുമ്പോൾ സുഗന്ധവിളകളാലും ജലസ്രോതസ്സുകളാലും സമ്പന്നമായ സഹ്യമലനിരകൾ കേരളത്തിൽ നിലനിർത്തുന്നതിനായി ക്രാന്തദർശിയായ പട്ടം താണുപിള്ള ആവിഷ്കരിച്ച് നടപ്പിലാക്കിയ ഹൈറേഞ്ച് കോളനൈസേഷൻ പദ്ധതിയിൻ കീഴിൽ കുടിയേറിയ കർഷകരുടെ പിൻതലമുറക്കാരും ഇവിടെയുണ്ട്.

1940 കാലത്ത് ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ പഴയ തിരുവതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ റിസർവ്വ് വനങ്ങൾ കൃഷിയ്ക്കായി പതിച്ചു കൊടുക്കുന്നതാണെന്ന് ഗവൺമെന്റുകൾ വിളംബരം ചെയ്തു. ഇതനുസരിച്ച് 1940 ഏപ്രിൽ മാസം 4-ാം തീയതി റിസർവ്വ് വനം പതിച്ചു നൽകിക്കൊണ്ടുള്ള ആദ്യ ഉത്തരവിറങ്ങി. തുടർന്ന് 20-10-1942 ൽ ഒരു പത്രക്കുറിപ്പിലൂടെ റിസർവ്വ് വനം വ്യക്തികൾക്കും, സംഘടനകൾക്കും, സഹകരണ സംഘങ്ങൾക്കും പതിച്ചുകൊടുക്കുന്ന നയം തിരുവിതാംകൂർ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇതനുസരിച്ച് ചതുപ്പു പ്രദേശങ്ങളും പുൽമേടുകളും കൂടാതെ ആളുകൾക്ക് കടന്നുചെല്ലാൻ ബുദ്ധിമുട്ടുള്ള വനാന്തരങ്ങൾ വരെ കൃഷിയ്ക്കായി വിട്ടുകൊടുത്തു. 24-11-1942 ൽ പുറപ്പെടുവിച്ച ഒരു പ്രധാനപ്പെട്ട ഉത്തരവിലൂടെ ദേവികുളം, പീരുമേട് താലൂക്കുകളിലെ ചതുപ്പു പ്രദേശങ്ങളും ചെറിയ റിസർവ്വ് വനങ്ങളിലെ പുൽമേടുകളും കൂടാതെ ദേവികുളം, പീരുമേട്, തൊടുപുഴ താലൂക്കുകളിലെ സമുദ്ര നിരപ്പിൽ നിന്ന് രണ്ടായിരം അടിക്കുമേൽ ഉയരത്തിലുള്ള ഇരുപത്തിനാലായിരം ഏക്കർ

പുൽമേടും ഭക്ഷ്യോൽപ്പാദനത്തിനായി മാറ്റി വച്ചു. തുടർന്ന് 17-12-1947 ൽ ഒരു പത്രക്കുറിപ്പുവഴി റോഡു പുറമ്പോക്കിലും നദീ തടങ്ങളിലുമായി സർവ്വേ പോലും ചെയ്യാതെ പിന്നെയും സ്ഥലങ്ങൾ കൃഷിയ്ക്കായി വിട്ടുകൊടുത്തു. ഇങ്ങനെ വിവിധ ഗവൺമെന്റ് ഉത്തരവുകളിലൂടെ കൃഷിയ്ക്കായി വിട്ടുകൊടുത്ത സ്ഥലമാണ് മലയോരമേഖലയിലെ ഭൂരിപക്ഷം കൃഷിക്കാരുടെയും കൈവശമുള്ളത്.

ഇങ്ങനെ സർക്കാർ അംഗീകരിച്ചും, പ്രോത്സാഹിപ്പിച്ചും മലയോര മേഖലയിൽ കുടിയേറിയ കർഷകർ പ്രതികൂല സാഹചര്യങ്ങളോടും കാലാവസ്ഥയോടും പോരാടുന്നതിനൊപ്പം, അവിടെ കൃഷിഭൂമി സംരക്ഷിക്കുവാൻ സർക്കാരിനോടും പോരാടേണ്ടിവന്നിട്ടുണ്ട്. പല പ്രാവശ്യം കുടിയിറക്കു ഭീഷണികളുണ്ടായപ്പോഴെല്ലാം അവർ ഒറ്റക്കെട്ടായി എതിർത്തു. 1961 ലെ രാധാകൃഷ്ണമേനോൻ കമ്മീഷനും 1965-ലെ മണിയങ്ങാടൻ കമ്മീഷനും, കുടിയേറ്റ ജനതയുടെ പ്രശ്നങ്ങൾ മുഴുവൻ വിശകലനം ചെയ്ത്, അവരെ കുടിയിറക്കേണ്ടയെന്നും, ഭൂമി സ്ഥിരാവകാശം നൽകണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.1977 ൽകൂടിയ അഖിലകക്ഷിയോഗവും 1-1-77 നു മുൻപ് കുടിയേറിയ എല്ലാവർക്കും പട്ടയം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാവാൻ കേരള സർക്കാർ 1993 - ൽ ഒരു പ്രത്യേക നിയമം ഉണ്ടാക്കി.എന്നാൽ ആ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിലും പിന്നീട് സുപ്രീംകോടതിയിലും നിയമയുദ്ധങ്ങൾ നടന്നു. പരമോന്നത നീതിപീഠം 2009 മാർച്ചിൽ കർഷകർക്ക് അനുകൂലമായ വിധി നൽകി. എന്നിട്ടും പട്ടയം നൽകാനുള്ള നടപടി ക്രമങ്ങൾ യാതൊന്നും എടുക്കാതിരുന്ന പശ്ചാത്തലത്തിൽ ജനകീയ പ്രക്ഷോഭം ശക്തമാകുകയായിരുന്നു.

## ഹൈറേഞ്ച് സംരക്ഷണസമിതി



ഇടുക്കി ജില്ലയിലെ മലയോര ജനത സ്വയം പ്രതിരോധത്തിനും അവകാശ സംരക്ഷണത്തിനുമായി ഒത്തുചേർന്ന് 2007 ഫെബ്രുവരി 6-ാം തിയതി രൂപം നൽകിയതാണ് ഹൈറേഞ്ച് സംരക്ഷണ സമിതി. ഈ കൂട്ടായ്മയിൽ മേഖലയിലെ മുഴുവൻ സമുദായ സാമൂഹ്യ സംഘടനകളും സഹകരിച്ച് പ്രവർത്തിച്ചു വരുന്നു. കത്തോലിക്കാ സഭയുടെ കീഴിലുള്ള ഇടുക്കി, കാഞ്ഞിരപ്പിള്ളി രൂപതകൾ ഇതിന് നേതൃത്വം നല്കുന്നു എന്നത് അഭിമാനാർഹമാണ്.നിരന്തരമായി ഉണ്ടാകുന്ന ഭൂമി സംബന്ധമായ വിവാദങ്ങളും കോടതി വ്യവഹാരങ്ങളും മൂലം കൃഷിഭൂമി അന്യമായിത്തീരുന്ന സാഹചര്യത്തിൽ സർക്കാരിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ക്രിയാത്മക ഇടപെടൽ ഉണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് പതിനായിരങ്ങൾ പങ്കെടുത്ത ധർണ്ണ, സമുദായ നേതാക്കൻമാരുടെ നേതൃത്വത്തിൽ 2007 മാർച്ച് 10 ന് കട്ടപ്പനയിൽ നടത്തി. ഹൈറേഞ്ച് സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ മുഴുവൻ അധികാരസ്ഥാനങ്ങളിലും പ്രശ്നപരിഹാരം ഉണ്ടാകണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നൽകുകയും നിരന്തരമായി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നിട്ടും പ്രശ്നപരിഹാരമുണ്ടാകാത്ത സാഹചര്യത്തിൽ ഭൂമി പ്രശ്നം ആഴത്തിൽ പഠിക്കുന്നതിനും കോടതികളിൽ നിലവിലുള്ള കേസുകളിൽ കക്ഷി ചേർന്ന് കേസ് നടത്തിപ്പിനുമുള്ള തീരുമാനത്തിലേയ്ക്ക് ഹൈറേഞ്ച് സംരക്ഷണസമിതി എത്തിച്ചേർന്നു.

ഇടുക്കിയിലെ ഭൂപ്രശ്നം സങ്കീർണ്ണമായതിൽ വിഷയത്തെ സംബന്ധിച്ച അറിവില്ലായ്മയ്ക്ക് മുഖ്യ പങ്കുണ്ട്. ഉദ്യോഗസ്ഥ രാഷ്ട്രീയ തലത്തിൽ കുടിയേറ്റത്തിന്റെ ചരിത്രവും മുൻസർക്കാർ നടപടികളും സംബന്ധിച്ച് വ്യക്തമായ ധാരണയുടെ അഭാവം ഉണ്ട്. ഇടുക്കിയിലെ കുടിയേറ്റത്തിന്റെ ചരിത്രവും മുൻകാല സർക്കാർ നടപടികളും ഉത്തരവുകളും ശേഖരിച്ച് ആഴത്തിൽ പഠിച്ച് ഹൈറേഞ്ച് സംരക്ഷണസമിതി രണ്ട് ലഘുരേഖകൾ പ്രസിദ്ധീകരിച്ചു. ഇന്ന് ഇടുക്കിയിലെ ഭൂസംബന്ധമായ പ്രശ്നം പഠിക്കുന്ന എല്ലാവരും ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പഠനരേഖ ആധാരമാക്കുന്നുണ്ട് എന്നത് ഗുണകരമായ മാറ്റമാണ്. തുടർന്ന് 1.1.1977 നു മുൻപുള്ള കുടിയേറ്റക്കാരുടെ പട്ടയം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നില

നിന്നിരുന്ന കേസിൽ സമിതി കക്ഷി ചേരുകയും കേസു നടത്തുകയും ചെയ്തു. പത്തുവർഷത്തോളം സുപ്രീം കോടതിയിൽ നിലനിന്നിരുന്ന കേസ് ഹൈറേഞ്ച് സംരക്ഷണസമിതിയുടെ ഇടപെടൽ കൊണ്ട് കൃഷിക്കാർക്ക് അനുകൂലമായി തീർപ്പാക്കുന്നതിന് സാധിച്ചു.

പ്രശ്നപരിഹാരത്തിന് 2 വിധത്തിലുള്ള മാർഗങ്ങളാണ് സമിതി തേടുന്നത്.തുടർച്ചയായി നൽകിയിട്ടുള്ള നിവേദനങ്ങൾ, നടത്തിയിട്ടുള്ള ചർച്ചകൾ ഇതിലൂടെ പ്രശ്നത്തിന്റെ അടിയന്തിര പ്രാധാന്യം ഗവൺമെന്റിനെ ബോധ്യപ്പെടുത്തുക, ബഹുജനങ്ങളെ സംഘടിപ്പിച്ച്, ജനകീയ സമ്മർദ്ദങ്ങൾ സർക്കാരിന്റെ മേൽ ചെലുത്തുക. ഈ രണ്ടുകാര്യങ്ങളിലുംസമിതിക്ക് കാര്യമായി മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. ഉടുമ്പൻ ചോല, പീരുമേട്, ദേവികുളം എന്നീ താലൂക്കുകൾ, അതീവ പരിസ്ഥിതി പ്രാധാന്യ മേഖലയായി പ്രഖ്യാപിക്കാനുള്ള നീക്കത്തിനെതിരെ സമിതി ആഹ്വാനം ചെയ്ത ഹർത്താൽ എല്ലാ രാഷ്ട്രീയ, സാമുദായിക, സാംസ്ക്കാരിക സംഘടനകളും ഒത്തൊരുമിച്ച് സഹകരിച്ച് വിജയിപ്പിച്ചപ്പോൾ സർക്കാർ ഉടൻ തന്നെ ആ നീക്കം ഉപേക്ഷിച്ചു. 25000 ത്തിലധികം ആളുകളെ പങ്കെടുപ്പിച്ച് 2010 മാർച്ച് 12 ന് കട്ടപ്പനയിൽ നടത്തിയ പ്രധിഷേധ ഉപവാസ ധർണ്ണയിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും പ്രധിനിധികൾ സമിതി ഉയർത്തിയ ആവശ്യങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ഇതേ തുടർന്ന് രണ്ടു പ്രാവശ്യം സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു. എന്നാൽ പരിഹാര നടപടികൾ ആരംഭിക്കാത്ത പശ്ചാത്തലത്തിൽ മെയ് 11 ന് ഇടുക്കി കളക്ട്രേറ്റ് ഉപരോധിച്ചു. പ്രസ്തുത സമരത്തിന്റെ ഫലമായി മെയ് 12 ന് സർക്കാർ അഖിലകക്ഷിയോഗം വിളിക്കുകയും, അവിടെ നാം ഉയർത്തിയ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും, മിക്കആവശ്യങ്ങളും അംഗീകരിച്ചുകൊണ്ട് ആറുമാസത്തിനകം നടപടി ക്രമങ്ങൾ പൂർത്തിയാക്കാം എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഉപാധികളില്ലാത്ത പട്ടയം എന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം, വിദഗ്ദ്ധ നിയമ ഉപദേശം തേടിയശേഷം, അതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കാം എന്നും പ്രഖ്യാപിച്ചിട്ടുണ്ട്.




ഞങ്ങൾ ഉയർത്തിയ പ്രധാന ആവശ്യങ്ങൾ 3തലങ്ങളിലുള്ളവയാണ്.അവ താഴെ കൊടുക്കുന്നു.

## A. പട്ടയ വിഷയം

1. 1-1-1977 ന് മുമ്പ് ഇടുക്കിജില്ലയിലെ മലയോര മേഖലയിൽ കുടിയേറിയ മുഴുവൻ കൃഷിക്കാർക്കും ഉപാധിരഹിത പട്ടയം സമയബന്ധിതമായി നൽകണം.

a). 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങൾക്ക് കീഴിൽ പട്ടയം നൽകുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ടി ചട്ടങ്ങളുടെ കീഴിൽ പതിച്ചു നൽകണം.

b) 1993 ലെ 1-1-1977 നു മുമ്പുള്ള വനഭൂമിയിലെ കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾക്കു കീഴിൽ ഭൂമി പതിച്ചു കിട്ടാൻ അർഹതയുള്ള കൃഷിക്കാർക്ക് ടി ചട്ടങ്ങൾക്ക് കീഴിൽ പട്ടയം നൽകണം.

2. 1993 ലെ 1-1-1977 ന്മുമ്പുള്ള വനഭൂമിയിലെ കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങളിലെ ഭൂമി കൈമാറ്റം സ്ഥിരമായി തടയുന്ന 15 ാം ചട്ടം മുൻ കാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യുക. നിലവിൽ കൈമാറ്റം ചെയ്യപ്പെട്ടത് ക്രമീകരിച്ചു നല്കുക.

3. 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിൽ മലയോര കൃഷിക്കാരുടെ താൽപ്പര്യത്തിനെതിരായി വരുത്തിയ ഭേദഗതികൾ റദ്ദാക്കുക.

a) ചട്ടം 5 ന് G.O.(P) 63/2005/Rd Dt. 03-03-2005 അനുസരിച്ച് വരുത്തിയ ഭേദഗതി പ്രകാരം മലയോര മേഖലയിൽ പതിച്ചുകിട്ടാവുന്ന ഭൂമിയുടെ അളവ് 4 ഏക്കർ എന്നത് 1 ഏക്കർ ആക്കിയത് റദ്ദാക്കണം.

b) ചട്ടം 8 ന് G.O.(P) No. 49/2009/Rd Dt. 24-01-2009

അനുസരിച്ച് വരുത്തിയ ഭേദഗതി പ്രകാരം ഭൂമി കൈമാറാമെന്നതിനു പകരമായി 25 വർഷത്തേക്ക് കൈമാറുന്നത് തടയുന്ന വ്യവസ്ഥ വെച്ചത് റദ്ദാക്കുക.

4. 16-11-2009 ലെ 450/2009 റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പിൻവലിക്കുക. സുപ്രീം കോടതി വിധിപ്രകാരം തന്നെ ക്രമീകരിക്കപ്പെട്ട പട്ടയങ്ങൾ പുതുക്കി വാങ്ങണമെന്നും ഭൂവിനിയോഗം നിയന്ത്രിക്കുന്നതുമായ ടി ഉത്തരവ് പിൻവലിക്കുകയും അതനുസരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ റദ്ദാക്കുകയും ചെയ്യുക.

5. മലയോര മേഖലയിലെ കൈവശാവകാശമുള്ളതും എന്നാൽ പതിച്ചു കിട്ടാത്തതുമായ ഭൂമിയിൽ സ്ഥാപിച്ച് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും പട്ടയം നല്കുക.

6. മലയോര മേഖലയിൽ പട്ടയം കിട്ടിയിട്ടുള്ളതും കൈവശം വെച്ച് അനുഭവിച്ചു പോകുന്നതുമായ ഭൂമി സർക്കാർ - ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയുടെയും റവന്യൂ രേഖകളുടെ അപര്യാപ്തതയുടെയും സർവ്വേ സംബന്ധമായ അവ്യക്തതകളുടേയും മറവിൽ പിടിച്ചെടുക്കുന്നതും പതിറ്റാണ്ടുകളായി കൈവശം വെച്ചിരിക്കുന്ന ഭൂമിയിൽ നിന്നും കൃഷിക്കാരെ കുടിയിറക്കി ദ്രോഹിക്കുന്നതുമായ നടപടികൾ ഉടൻ നിർത്തിവെയ്ക്കണം. സാങ്കേതിക കാരണങ്ങൾ അടിസ്ഥാനമാക്കിയുള്ള ദ്രോഹ നടപടികൾ അവസാനിപ്പിക്കണം.പിടിച്ചെടുത്ത ഭൂമി യഥാർത്ഥ ഉടമകളായ കൃഷിക്കാർക്ക് തിരിച്ചു നൽകണം.



## B) ഏലമല പ്രദേശത്തെ സംബന്ധിക്കുന്ന വിഷയങ്ങൾ

1. ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ 202/95 നമ്പരായുള്ള റിട്ട് പെറ്റീഷനിൽ 305/2002 നമ്പർ A.I യിൽ 2007 നവംബർ 11-ാം തിയതി നൽകിയതും 11820/2007 -ാം നമ്പർ പ്രത്യേക അനുമതി ഹർജിയിൽ 2007 നവംബർ 6-ാം തിയതി നൽകിയതുമായ ഏലമല പ്രദേശത്തെ സംബന്ധിക്കുന്ന സത്യവാങ്ങ് മൂലങ്ങളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തി തിരുത്തൽ സത്യവാങ്മൂലം ഉടൻ നൽകി കേസ് കൃഷിക്കാർക്ക് അനുകൂലമായി തീർന്നന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

2. ഏലമല പ്രദേശത്ത് ഏലം കൃഷി ചെയ്തു വരുന്ന ഭൂമിക്ക് കുത്തക പാട്ടം ഉടൻ പുതുക്കി നൽകണം.കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നല്കുന്ന ആനുകൂല്യങ്ങൾ എല്ലാ കുത്തക പാട്ട കൃഷിക്കാർക്കും നല്കുന്നതിന് നടപടി സ്വീകരിക്കണം.

## C) പ്രത്യേക വിഷയങ്ങൾ

1. പെരിഞ്ചാംകുട്ടി, മാങ്കുളം തുടങ്ങി പദ്ധതി ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ കൃഷിക്കാർക്ക് പട്ടയം നല്കുകയോ നഷ്ടപരിഹാരം നൽകി സമയബന്ധിതമായി പുനരധിവസിപ്പിക്കുകയോ ചെയ്യണം.

2. മാങ്കുളം വില്ലേജിൽ ഭൂരഹിതർക്ക് പതിച്ചു നലകുന്നതിനായി മാറ്റിവെച്ച 5189 ഏക്കർ ഭൂമി സംബന്ധിച്ച അവ്യക്തത നീക്കുകയും മുൻപിനാലെആധാരം ലഭിക്കുകയും കരം തീർത്ത് വന്നിരിക്കുന്നതുമായ കൃഷിക്കാരെ പീഡിപ്പിക്കുന്ന റവന്യൂ - വനം ഉദ്യോഗസ്ഥ നടപടികൾ അവസാനിപ്പിക്കുകയും ചെയ്യണം.

3. മലയോര മേഖലയെ പാരിസ്ഥിതിക ദുർബല മേഖലയാകുന്നതിനുള്ള മുഴുവൻ നീക്കങ്ങളും ഉപേക്ഷിക്കണം. നിലവിൽ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള കൃഷിഭൂമി സംബന്ധിക്കുന്ന വിജ്ഞാപനങ്ങൾ അടിയന്തിരമായി പിൻവലിക്കണം.

4. മറയൂർ, കാന്തല്ലൂർ, കീഴാന്തല്ലൂർ, വട്ടവട, കൊട്ടാക്കമ്പൂർ തുടങ്ങിയ വില്ലേജുകളിലെ കൃഷിക്കാരുടെ ഭൂമി റവന്യൂ - സർവ്വേ രേഖകളിലെ അവ്യക്തത മറയാക്കി പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ അവസാനിപ്പിക്കണം. കൃഷിക്കാരുടെ ഭൂമി ഉൾപ്പെടുത്തി കുറിഞ്ഞി ദേശീയോദ്യാനത്തിനായി പുറപ്പെടുവിച്ച പ്രാഥമികവിജ്ഞാപനം ഭേദഗതി ചെയ്യുക.

5. ഏലപ്പാറ, വാഗമൺ, പുള്ളിക്കാനം, ഉളുപ്പുണ്ണി, കുട്ടിയാർപ്രദേശങ്ങളിൽ പട്ടയം ഉള്ളതും കൈവശാവകാശം ഉള്ളതുമായ കൃഷിക്കാരെ റവന്യൂ രേഖകളിലെ അവ്യക്തത മറയാക്കി പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുക.

6. മതികെട്ടാനിൽ കുടിയിറക്കപ്പെട്ട പട്ടയ അവകാശികളായ യഥാർത്ഥ കൃഷിക്കാർക്ക് നഷ്ടപരിഹാരം നല്കുകയും ഭൂമി തിരിച്ച് നല്കുകയും ചെയ്യണം.

7. പട്ടയ ഭൂമിക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ നിയമപരമായി നിലനിൽക്കാത്ത സർക്കാർ നിർദ്ദേശം പിൻവലിക്കുക. പട്ടയമുള്ളതും കരം കെട്ടി വന്നതുമായ ഭൂമിക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നത് അവസാനിപ്പിക്കുക

8. കൃഷിക്കാർ പുരയിടങ്ങളിൽ നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള നിയന്ത്രണം പിൻവലിക്കുക.

9. കൃഷിക്കാരുടെ കൈവശം ഇരിക്കുന്ന പട്ടയം ഉള്ളതും ഇല്ലാത്തതുമായ ഭൂമി സംബന്ധിച്ച് തർക്കം ഉണ്ടാകുന്ന കേസുകളിൽ 1964 ലെ ഭൂപതിവ് ചട്ടങ്ങളിലെ12എ ചട്ട പ്രകാരം രൂപീകരിക്കുന്ന ഭൂപതിവ് കമ്മറ്റികൾക്ക് സമാനമായ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് ടി കമ്മറ്റികളുടെ തീർപ്പിന് വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാവൂ.

ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ ഇടുക്കിയിലെ ഭൂപ്രശ്നത്തിന് ശാശ്വത പരിഹാരം തേടിയുള്ള പോരാട്ടം ഇനിയും തുടരണം. സഭയെ സംബന്ധിച്ചിടത്തോളം ഇത് ഇടുക്കിയിലെ ജനതയ്ക്ക് നല്കുന്ന ചരിത്രപരമായ വലിയ സംഭാവനയാണ്. ഇടയ ലേഖനങ്ങൾ വഴി ആളുകളെ പ്രബോധിപ്പിച്ചും, പള്ളികൾ വഴി സാമ്പത്തിക സമാഹരണം നടത്തിയും, വിശ്വാസികളെ സംഘടിതരായി രംഗത്തിറക്കിയും, മറ്റ് സമുദായങ്ങളോടും സംഘടനകളോടും വളരെ സഹകരണപരമായ സമീപനം പുലർത്തിയും മലയോര ജനതയുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സഭ നേത്രത്വം നല്കുമ്പോൾ അത് ജനങ്ങൾക്ക് നല്കുന്ന പ്രതീക്ഷയും സമൂഹങ്ങൾക്ക് നൽകുന്ന മാതൃകയും വളരെ വലുതാണ്.


തയ്യാറാക്കിയത്:

(ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ,
ജനറൽ കൺവീനർ,
ഹൈറേഞ്ച് സംരക്ഷണ സമിതി)


ഇടുക്കി ജില്ലയിലെ കുടിയേറ്റ കർഷകരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്ന ഹൈറേഞ്ച് സംരക്ഷണ സമിതിക്ക് കെ.സി.ബി.സി ജാഗ്രതാസമിതിയുടെ അഭിനന്ദനങ്ങൾ, ആശംസകൾ!


JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA